പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2255 10.10.2011- ലെ മറുപടി

ട്രാൻസ്പോർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി

ചോദ്യം ഉത്തരം

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് സർവ്വകലാശാല, അന്താരാഷ്ട്ര വിമാനത്താവളം, ഐ.ഒ.സി ബോട്ട്ലിംഗ് പ്ലാന്റ്, സമസ്താലയം എന്നിവ സ്ഥിതി ചെയ്യുന്നതും ആയിരക്കണക്കിനാളുകൾ നിത്യവും വന്നു പോകുന്നതുമായ യൂണിവേഴ്സിറ്റിയുടെ പരിസരപ്രദേശത്ത് ഒരു ട്രാൻസ്പോർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നിവ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. യുടെ സേവനം ഒട്ടും ലഭ്യമല്ലാത്തതുകൊണ്ട് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുമോ ; | (ബി) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ കൂടി ഇപ്പോൾ 8 സർവ്വീസുകൾ നടത്തി വരുന്നുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നത് മൂലമാണ് കൂടുതൽ സർവ്വീസുകൾ അനുവദിക്കുവാൻ കഴിയാതിരിക്കുന്നത്. |
| (സി) | മലപ്പുറത്തുനിന്നും കോഴിക്കോട് നിന്നും തിരൂർ, മഞ്ചേരി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും വള്ളിക്കുന്ന് യൂണിവേഴ്സിറ്റി, അത്താണിക്കൽ, പരപ്പനങ്ങാടി, പള്ളിക്കൽ ബസാർ, കാറ്റാടി പറമ്പിൽ പീടിക, കരിപ്പൂർ തുടങ്ങിയ പ്രദേശങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. യുടെ | (സി) | ഷോർട്ട് വീൽ ബേസ്ഡ് ബസ്സ് ഉപയോഗിച്ച് മാത്രമെ ആവശ്യപ്പെട്ട റൂട്ടുകൾ വഴി സർവ്വീസ് ആരംഭിക്കുവാൻ കഴിയുകയുള്ളു. ഷോർട്ട് വീൽ ബേസ്ഡ് ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ |

| | | | |
|---|---|---|---|
| | സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | | ആവശ്യപ്പെട്ട സർവ്വീസുകൾ ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ